www.malankaralibrary.com

# ദൈവകാരുണ്യഭക്തിയിൽ

## ജീവിക്കാൻ വേണ്ട

# പ്രായോഗിക നിർദ്ദേശങ്ങൾ



Sis Mary Joe CSN

www.malankaralibrary.com

Copyright © 2024 by Sr. Mary Joe CSN
St.Joseph's Province
Congregation of the Sisters of Nazareth

www.malankaralibrary.com


# എല്ലാം എങ്ങനെ ആരംഭിച്ചു

1930-ൽ വി ഫൗസ്റ്റീന എന്ന പോളിഷ് സന്യാസിനിക്ക് ഈശോ പ്രത്യക്ഷപ്പെട്ടു.




വി ഫൗസ്റ്റീനയ്ക്ക് നൽകിയ ദർശനങ്ങളിലൂടെയും വെളിപാടുകളിലൂടെയും, ദൈവ കരുണയോടുള്ള ഭക്തി പ്രചരിപ്പിക്കാനുള്ള തന്റെ ആഗ്രഹം ഈശോ അറിയിച്ചു.


വിശുദ്ധ ഫൗസ്റ്റീന തനിക്കുണ്ടായ എല്ലാ നിഗൂഢ അനുഭവങ്ങളും ദർശനങ്ങളും തന്റെ ഡയറിയിൽ വിശ്വസ്തതയോടെ രേഖപ്പെടുത്തി. അത് ഏവരെയും വിസ്മയിപ്പിക്കുന്ന, ജീവിതം മാറ്റിമറിക്കുന്ന പുസ്തകം ആയിത്തീർന്നു.



www.malankaralibrary.com



www.malankaralibrary.com



# എന്താണ് കരുണ?

ഞാൻ ദൈവത്തോട് കർത്താവേ എന്നോടു
കരുണയായിരിക്കണമേ എന്ന്
അപേക്ഷിക്കുമ്പോൾ
എനിക്ക് അർഹതയില്ലെങ്കിലും നിന്റെ കരുണ
എന്നിലേക്ക് ഒഴുക്കണമേ എന്നും എന്നോട്
ക്ഷമിക്കണമേ എന്നുമാണ് യാചിക്കുന്നത്

കർത്താവേ, എനിക്ക് അർഹതയില്ലെങ്കിലും
എനിക്ക് നിന്റെ കൃപ നൽകണമേ,
കർത്താവേ, ഞാൻ അർഹിക്കുന്നില്ലെങ്കിലും
എന്റെ പാപം എന്നോട് ക്ഷമിക്കേണമേ.

ഞാൻ എന്റെ അയോഗ്യത
ഏറ്റുപറയുകയും
ദൈവത്തിന്റെ അപരിമേയമായ
കരുണയും നന്മയും പ്രഖ്യാപിക്കുകയും
ചെയ്യുന്നു


**കർത്താവേ എന്നോടു കരുണയുണ്ടാകേണമേ**

**JESUS I TRUST IN YOU**

www.malankaralibrary.com

# ദൈവകാരുണ്യ ഭക്തിയുടെ 5 ഘടകങ്ങൾ

1) ദൈവകരുണയുടെ ഛായാ ചിത്രം
2) ദൈവകരുണയുടെ ജപമാല
3) ദൈവകരുണയുടെ മണിക്കൂർ (3:00 pm)
4) ദൈവകരുണയുടെ നൊവേന
5) ദൈവകരുണയുടെ തിരുനാൾ



www.malankaralibrary.com



# ദൈവകരുണയുടെ ഛായാ ചിത്രം




## ദൈവകരുണയുടെ ഛായാ ചിത്രത്തെക്കുറിച്ചുള്ള യേശുവിന്റെ വാക്കുകൾ

ദൈവകരുണയുടെ ഛായാ ചിത്രത്തിലൂടെ ഞാൻ അനവധി കൃപകൾ ആത്മാക്കളിലേക്കു ഒഴുക്കും അതിനാൽ എല്ലാ ആത്മാക്കൾക്കും അതിനെ സമീപിക്കാൻ സാധിക്കട്ടെ (ഡയറി, 570)

ഈ ചിത്രം വണങ്ങുന്ന ആത്മാവ് ഒരിക്കലും നശിച്ചുപോകില്ലെന്ന് ഞാൻ വാഗ്ദാനം ചെയ്യുന്നു. ഈ ലോക ജീവിതത്തിലും പ്രത്യേകിച്ച് മരണസമയത്തും ആ ആത്മാവിന് (അതിന്റെ ) ശത്രുക്കളുടെ മേൽ വിജയം നല്കുമെന്നുകൂടി ഞാൻ വാഗ്ദാനം ചെയ്യുന്നു. എന്റെ സ്വന്തം എന്റെ മഹത്വമായി ഞാൻ അതിനെ സംരക്ഷിക്കും." (ഡയറി, 48)

"ഈ ചിത്രത്തിലുള്ള എന്റെ നോട്ടം കുരിശിലെ എന്റെ നോട്ടം പോലെയാണ്." (ഡയറി, 326)

www.malankaralibrary.com



# പ്രായോഗിക നിർദ്ദേശങ്ങൾ

## പവർ സ്‌പേസ് :

നിങ്ങളുടെ ഭവനത്തിന്റെ പ്രധാന സ്ഥലത്തു , കുടുംബാംഗങ്ങൾ എപ്പോഴും ആയിരിക്കുന്ന സ്ഥലത്ത് ഈ ചിത്രം പ്രതിഷ്ഠിക്കുക . നിങ്ങൾ അതിലെ കടന്നുപോകുമ്പോൾ , ബഹുമാനത്തോടെ ഒരു നിമിഷം നിന്നു, 'ഈശോയെ എന്നെ അനുഗ്രഹിക്കണമേ, ഈശോയെ എന്നെ സഹായിക്കണമേ' എന്നോ അല്ലെങ്കിൽ അപ്പോൾ നിങ്ങൾ ഈശോയോടു പറയാൻ ആഗ്രഹിക്കുന്നതെന്തും പറയുക.

ഈശോയുടെ തിരുഹൃദയത്തിൽ ഒരു നിമിഷം കരങ്ങൾവെച്ച് പ്രാർത്ഥിക്കുക. ഇതു വളരെ പ്രധാനമാണ് കാരണം ഈ നിമിഷം ഈശോയെ ഒത്തിരി സന്തോഷിപ്പിക്കുന്നതാണ്




www.malankaralibrary.com



# പ്രായോഗിക നിർദ്ദേശങ്ങൾ

## മൊബൈൽ പോക്കറ്റും ചെയ്യേണ്ടവയുടെ ലിസ്റ്റും:

നിങ്ങളുടെ പോക്കറ്റിലോ പേഴ്സിലോ ഒരു ദൈവകരുണയുടെ ചിത്രം വയ്ക്കുക. എല്ലാ രാത്രിയിലും, അടുത്ത ദിവസങ്ങളിൽ നിങ്ങൾ ചെയ്യേണ്ട കാര്യങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് ചെയ്യേണ്ടവയുടെ ഒരു ലിസ്റ്റ് തയ്യാറാക്കുക. ആ ലിസ്റ്റ് പോക്കറ്റിൽ വയ്ക്കുക, അത് ഈശോയുടെ കരുണയുടെ കിരണങ്ങളിൽ സമർപ്പിക്കുക, അവ ഭംഗിയായി നിറവേറ്റാൻ സഹായം അപേക്ഷിക്കുക . അടുത്ത ദിവസം മുതൽ, ഓരോ ജോലിയും പൂർത്തിയാക്കുമ്പോൾ, അത് പൂർത്തിയായതായി അടയാളപ്പെടുത്തുക. ഈ രീതിയിൽ, നിങ്ങൾ ചെയ്യേണ്ട ചെറിയ കാര്യങ്ങൾ പോലും ചെയ്യാൻ നിങ്ങൾ ഓർക്കും, ഈശോയുടെ കരുണയുടെ കിരണങ്ങളിൽ അവ നിങ്ങൾ ചെയ്യും



www.malankaralibrary.com




# പ്രായോഗിക നിർദ്ദേശങ്ങൾ

## ദിവസം മുഴുവൻ ഈശോയോടു ചേർന്നിരിക്കുക

ഒരു ക്യൂവിലായിരിക്കുമ്പോൾ , ഒരു വെബ്പേജ് ലോഡുചെയ്യുന്നതിനായി കാത്തിരിക്കുമ്പോൾ, യാത്ര ചെയ്യുമ്പോൾ, ആരെങ്കിലും നിങ്ങളുടെ കോൾ എടുക്കുന്നതിനായി കാത്തിരിക്കുമ്പോൾ, അല്ലെങ്കിൽ ഉറങ്ങാൻ കിടക്കുമ്പോൾ, ഈശോയുടെ ദൈവകരുണയുടെ ചിത്രം നിങ്ങളുടെ മനസ്സിൽ കൊണ്ടുവരുക .

ആ ദൈവസാന്നിധ്യത്തിൽ വിനയത്തോടെയായിരുന്ന് ഈശോയെ എന്നെ അനുഗ്രഹിക്കണമേ,'ഈശോയെ എന്നോട് കരുണയായിരിക്കണമേ' എന്ന് പ്രാർത്ഥിക്കുക .അപ്പോൾ അവന്റെ പാദാന്തികത്തിൽ ഇരുന്ന് കരുണയാചിക്കുന്നതായി നമുക്ക് അനുഭവിക്കാൻ സാധിക്കും



www.malankaralibrary.com



# പ്രായോഗിക നിർദ്ദേശങ്ങൾ

## ദൈവകരുണയിൽ ഓരോ ദിവസം ആരംഭിക്കുകയും അവസാനിപ്പിക്കുകയും ചെയ്യുക

നിങ്ങളുടെ കിടക്കയ്ക്ക് സമീപം ദൈവകരുണയുടെ ഒരു വലിയ ചിത്രം പ്രതിഷ്ഠിക്കുക . എല്ലാ ദിവസവും രാവിലെ നിങ്ങൾ ഉണരുമ്പോഴും , എല്ലാ രാത്രിയും ഉറങ്ങുന്നതിനുമുമ്പും , പ്രാർത്ഥനയിൽ കുറച്ച് സമയം ചെലവഴിക്കുക.



കർത്താവായ ഈശോയെ , എന്നെ എപ്പോഴും അങ്ങയുടെ ദൈവകരുണയുടെ കിരണങ്ങളിൽ സൂക്ഷിക്കണമേ. ഞാൻ ഉറങ്ങുമ്പോഴും നിന്റെ കരുണയുടെ കിരണങ്ങൾ എന്റെ ഹൃദയത്തിലേക്കും മനസ്സിലേക്കും തുളച്ചുകയറുകയും രാത്രി മുഴുവൻ എന്നെ സുഖപ്പെടുത്തുകയും വിശുദ്ധീകരിക്കുകയും ചെയ്യട്ടെ. നിന്റെ പ്രകാശത്തിൽ ഞാൻ നവോന്മേഷം പ്രാപിക്കുകയും നിന്റെ സ്നേഹത്തിൽ ഞാൻ നവീകരിക്കപ്പെടുകയും ചെയ്യുന്ന ഒരു പുതിയ ദിവസം ഞാൻ ആരംഭിക്കട്ടെ. ആമേൻ.

www.malankaralibrary.com



# ദൈവകരുണയുടെ ജപമാല

## ദൈവകരുണയുടെ ജപമാലയെ കുറിച്ച് ഈശോയുടെ വാക്കുകൾ

എന്റെ ഹിതത്തിനു
അനസ്യൃതവുമായി ഈ
ജപമാലയിലൂടെ നീ
ചോദിക്കുന്നതെല്ലാം നിനക്കു
ലഭിക്കും
(ഡയറി 1731 )

കരുണയുടെ ജപമാല ചൊല്ലുന്ന
ആത്മാക്കളെ ജീവിതകാലം
മുഴുവനും , പ്രത്യേകിച്ച്
മരണസമയസമയത്ത് എന്റെ
കരുണ ആശ്ലേഷിക്കും (ഡയറി 754)



www.malankaralibrary.com



# പ്രായോഗിക നിർദ്ദേശങ്ങൾ

ഒരു ദിവസം ഒരു പ്രാവശ്യമെങ്കിലും ദൈവകരുണയുടെ ജപമാല ചൊല്ലാൻ സാധിച്ചാൽ അത് നല്ലതാണ് . പൂർണമായി ചൊല്ലാൻ സാധിക്കാത്ത അവസരങ്ങളിൽ ഒരു ദശകം എങ്കിലും ചൊല്ലി പ്രാർത്ഥിക്കുക.

പരിശുദ്ധഅമ്മയോടു ചേർന്ന് ഈശോയുടെ അതിദാരുണമായ പീഡാസഹനങ്ങളെക്കുറിച്ചു ആ നിമിഷങ്ങളിൽ ധ്യാനിക്കുക

## എങ്ങനെയാണു കരുണയുടെ ജപമാല ചൊല്ലുന്നത് ?

**കുരിശടയാളം വരയ്ക്കുക**

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ. ആമേൻ.

സ്വർഗ്ഗസ്ഥനായ പിതാവേ,
നന്മ നിറഞ്ഞ മറിയമേ,
വിശ്വാസപ്രമാണം.

www.malankaralibrary.com



# പ്രായോഗിക നിർദ്ദേശങ്ങൾ

നിത്യപിതാവേ ഞങ്ങളുടേയും ലോകം മുഴുവന്റേയും പാപപരിഹാരത്തിനായി അങ്ങയുടെ വത്സലസുതനും ഞങ്ങളുടെ രക്ഷകനുമായ കർത്താവീശോമിശിഹായുടെ തിരുശരീരവും തിരുരക്തവും ആത്മാവും ദൈവത്വവും അങ്ങേക്ക് ഞാൻ സമർപ്പിക്കുന്നു

**തുടർന്നുള്ള ഓരോ ദശകങ്ങളിലും ഇത് ആവർത്തിക്കുക**

ഈശോയുടെ അതിദാരുണമായ പീഡാസഹനങ്ങളെ പ്രതി, ഞങ്ങളുടെ മേലും ലോകം മുഴുവന്റെമേലും കരുണയായിരിക്കണമേ

**ഓരോ ജപമണികൾ ചൊല്ലുമ്പോഴും പരിശുദ്ധ അമ്മയോട് ചേർന്ന് ഈശോയുടെ അതിദാരുണമായ പീഡാസഹനങ്ങളെ ധ്യാനിക്കാം**

www.malankaralibrary.com



1. ഈശോയുടെ അതിദാരുണമായ പീഡാസഹനങ്ങളെ പ്രതി.......
   (മരുഭൂമിയിൽ പിശാചിനാൽ പരീക്ഷിക്കപ്പെട്ട ഈശോയോടൊത്തായിരിക്കുക )
2. ഈശോയുടെ അതിദാരുണമായ പീഡാസഹനങ്ങളെ പ്രതി.......
   (ഗത്സമെനിൽ രക്തംവിയർത്ത ഈശോയോടൊത്തായിരിക്കുക)
3. ഈശോയുടെ അതിദാരുണമായ പീഡാസഹനങ്ങളെ പ്രതി.......
   (വിചാരണ നേരിടുന്ന ഈശോയോടൊത്തായിരിക്കുക)
4. ഈശോയുടെ അതിദാരുണമായ പീഡാസഹനങ്ങളെ പ്രതി.......
   (കൽത്തുറുങ്കിൽ അടക്കപ്പെട്ട ഈശോയോടൊത്തായിരിക്കുക)
5. ഈശോയുടെ അതിദാരുണമായ പീഡാസഹനങ്ങളെ പ്രതി.......
   (ചമ്മട്ടിഅടിയേറ്റ ഈശോയോടൊത്തായിരിക്കുക)
6. ഈശോയുടെ അതിദാരുണമായ പീഡാസഹനങ്ങളെ പ്രതി.......
   (ശിരസിൽ മുൾക്കിരീടം ആഴ്ന്നിറങ്ങിയ ഈശോയോടൊത്തായിരിക്കുക)
7. ഈശോയുടെ അതിദാരുണമായ പീഡാസഹനങ്ങളെ പ്രതി.......
   (അതികഠിനവേദനയോടെ കുരിശ് ചുമന്ന ഈശോയോടൊത്തായിരിക്കുക)
8. ഈശോയുടെ അതിദാരുണമായ പീഡാസഹനങ്ങളെ പ്രതി.......
   (ആണികളാൽ കുരിശിൽ തറയ്ക്കപെട്ട ഈശോയോടൊത്തായിരിക്കുക)
9. ഈശോയുടെ അതിദാരുണമായ പീഡാസഹനങ്ങളെ പ്രതി.......
   (നഗ്നനായി കുരിശിൽ തൂക്കപ്പെട്ട ഈശോയോടൊത്തായിരിക്കുക)
10. ഈശോയുടെ അതിദാരുണമായ പീഡാസഹനങ്ങളെ പ്രതി.......
    (കുന്തത്താൽ പാർശ്വം കുത്തി തുറക്കപ്പെട്ടു അവിടെ നിന്ന് രക്തവും വെള്ളവും ഒഴുകിയ ഈശോയോടൊത്തായിരിക്കുക)

www.malankaralibrary.com



**തുടർന്നുള്ള ഓരോ ദശകങ്ങളിലും ഇത് ആവർത്തിക്കുക**

**വലിയ മണികളിൽ 'നിത്യപിതാവേ...'**

**ചെറിയമണികളിൽ 'ഈശോയുടെ അതിദാരുണമായ...'**

അഞ്ചു ദശകങ്ങളും കഴിഞ്ഞ് മൂന്ന് തവണ ആവർത്തിക്കുക

**പരിശുദ്ധനായ ദൈവമേ, പരിശുദ്ധനായ ബലവാനെ, പരിശുദ്ധനായ അമർത്യനെ, ഞങ്ങളുടെ മേലും ലോകം മുഴുവന്റെ മേലും കരുണയായിരിക്കണമേ.**

**ആമേൻ**

www.malankaralibrary.com



## മരണാസന്നർക്കു കരുണയുടെ ജപമാല ശക്തമായ പ്രാർത്ഥനയാണ്. മരണാസന്നരെ സഹായിക്കുന്നതിൽ കരുണയുടെ ജപമാലയുടെ ശക്തിയെക്കുറിച്ചുള്ള ഈശോയുടെ വാക്കുകൾ

കരുണകൊന്ത ചൊല്ലുന്ന ഓരോ ആത്മാവിനെയും അവരുടെ മരണസമയത്തു എന്റെ മഹത്വം എന്ന നിലയിൽ ഞാൻ സംരക്ഷിക്കും .മരിച്ചുകൊണ്ടിരിക്കുന്നവർക്കു വേണ്ടി മറ്റുള്ളവർ ഇതു ചൊല്ലിയാലും ഈ ദണ്ഡവിമോചനം ലഭിക്കുന്നതാണ് . (ഡയറി 811)

മരണാസന്നർക്കു വേണ്ടി സാധിക്കുന്നിടത്തോളം പ്രാർത്ഥിക്കുക.എന്റെ കരുണയിൽ ആശ്രയിക്കാനുള്ള കൃപ ഏറ്റവും ആവശ്യമുള്ള മരണസമയത്തു അത് അല്പം പോലും ഇല്ലാത്ത മരണാസന്നരായ ആത്മാക്കൾക്ക് വേണ്ടി നീ കേണപേക്ഷിച്ച് എന്റെ കരുണയിൽ ആശ്രയിക്കാനുള്ള കൃപ അവർക്കു വാങ്ങി കൊടുക്കുക.
ചില ആത്മാക്കൾക്ക് അന്ത്യനിമിഷത്തിൽ ലഭിക്കുന്ന നിത്യരക്ഷയുടെ കൃപ നിന്റെ പ്രാത്ഥനയിലൂടെയാണ് ലഭിക്കുന്നതെന്ന് മനസിലാക്കുക (ഡയറി 1777)

എന്റെ മകളെ ഞാൻ നിനക്ക് നൽകിയ കരുണയുടെ ജപമാലചൊല്ലാൻ ആത്മാക്കളെ പ്രോത്സാഹിപ്പിക്കുക. കരുണയുടെ ജപമാലചൊല്ലിചോദിക്കുന്നതെല്ലാം ഞാൻ അവർക്കു നൽകും ............മരണാസന്നരുടെ സാന്നിധ്യത്തിൽ ഈ ജപമാല ചൊല്ലുമ്പോൾ എന്റെ പിതാവിന്റെയും മരിക്കുന്ന വ്യക്തിയുടെയും മദ്ധ്യേ നീതിയുടെ വിധിയാളനായിട്ടല്ല, പിന്നെയോ കരുണയുള്ള രക്ഷകനായി ഞാൻ നിൽക്കുമെന്നു എഴുതുക (ഡയറി 1541)

www.malankaralibrary.com



## വി.ഫൗസ്റ്റീനയുടെ ഡയറിയിൽ നിന്നുള്ള ഒരു ഭാഗം



### കർത്താവു എന്നോട് പറഞ്ഞു, "എന്റെ മകളെ മരിച്ചുകൊണ്ടിരിക്കുന്ന ഒരു പാപിയെ രക്ഷിക്കാൻ എന്നെ സഹായിക്കുക. ഞാൻ നിന്നെ പഠിപ്പിച്ച കരുണയുടെ ജപമാല അവനു വേണ്ടി ചൊല്ലുക"

"ഞാൻ ആ ജപമാല ചൊല്ലാൻ ആരംഭിച്ചപ്പോൾ വളരെ അധികം പീഡനങ്ങളുമായി മല്ലടിച്ചു മരിച്ചുകൊണ്ടിരിക്കുന്ന ഒരു മനുഷ്യനെ ഞാൻ കണ്ടു. അവന്റെ കാവൽ മാലാഖ അയാളെ സംരക്ഷിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും കണക്കില്ലാത്ത വിധത്തിലുള്ള ആത്മീയ ദുരിതങ്ങളുടെ നടുവിൽ അയാൾ നിസ്സഹായനായി കാണപ്പെട്ടു. അനേകായിരം പിശാചുക്കൾ അവനുവേണ്ടി കാത്തിരിക്കുന്നു. എന്നാൽ കരുണകൊന്ത ചൊല്ലിക്കൊണ്ടിരുന്നപ്പോൾ ഛായാചിത്രത്തിൽ കാണുന്നതുപോലെ തന്നെ ഞാൻ ഈശോയെ കണ്ടു . ഈശോയുടെ ഹൃദയത്തിൽ നിന്ന് പുറപ്പെടുന്ന രശ്മികൾ രോഗിയായ ആ മനുഷ്യനെ പൊതിയുകയും ഉടനെ അന്ധകാരശക്തികൾ ഭയപ്പെട്ടു ഓടിപോകുകയും ചെയ്തു. ആ രോഗിയായ മനുഷ്യൻ സമാധാനത്തോടെ അന്ത്യശ്വാസം വലിക്കുകയും ചെയ്തു . എനിക്ക് പരിസര ബോധം ഉണ്ടായപ്പോൾ മരണാസന്നർക്കു കരുണയുടെ ജപമാല എത്ര വളരെ പ്രധാനപ്പെട്ടതാണെന്നു ഞാൻ മനസിലാക്കി. അത് ദൈവകോപത്തെ ശമിപ്പിക്കുന്നു" (ഡയറി 1565)

www.malankaralibrary.com



# ദൈവകരുണയുടെ മണിക്കൂർ




## ദൈവകരുണയുടെ മണിക്കൂറിനെക്കുറിച്ച് ഈശോയുടെ വാക്കുകൾ

“മൂന്ന് മണിക്ക് എന്റെ കരുണക്കായി പ്രാർത്ഥിക്കണം. പ്രത്യേകിച്ച് പാപികളുടെ ആത്മാക്കൾക്ക് വേണ്ടി എന്റെ പീഡാനുഭവത്തെകുറിച്ച് അല്പസമയമെങ്കിലും ധ്യാനിക്കണം. പ്രത്യേകമായും വേദനയുടെ ആധിക്യത്തിലും ഞാൻ നടത്തിയ സമർപ്പണത്തെക്കുറിച്ച്.

## സർവ്വലോകത്തിനും കരുണ പ്രാപിക്കാനുള്ള മണിക്കൂറാണ്

എന്റെ ശാരീരികപീഡകളിൽ പങ്കുചേരുവാൻ ഞാൻ നിന്നെ അനുവദിക്കും. ഈ മണിക്കൂറിൽ എന്റെ പീഡാനുഭവത്തിന്റെ യോഗ്യതയാൽ എന്നോടപേക്ഷിക്കുന്ന ഒരു കാര്യവും ആത്മാക്കൾക്ക് ഞാൻ നിഷേധിക്കുകയില്ല”

(ഡയറി 1320)



www.malankaralibrary.com



## ദൈവകരുണയുടെ മണിക്കൂറിനെക്കുറിച്ച് ഈശോയുടെ വാക്കുകൾ

"ക്ലോക്കിൽ മൂന്നുമണി അടിക്കുന്നത് കേൾക്കുമ്പോഴൊക്കെ എന്റെ കരുണയെ ആരാധിച്ചു പുകഴ്ത്തികൊണ്ടു നീ അതിൽ പൂർണമായി നിമഗ്നനായി ലോകം മുഴുവനും വേണ്ടി പ്രത്യേകിച്ച് കഠിനപാപികൾക്കുവേണ്ടി കരുണയുടെ സർവ്വശക്തി യാചിക്കുക. ഈ നിമിഷമാണ് എല്ലാ ആത്മാക്കൾക്കും വേണ്ടി കരുണയുടെ കവാടം മലർക്കെ തുറക്കപ്പെട്ടത് . ഈ മണിക്കൂറിൽ നിനക്കും മറ്റുള്ളവർക്കും വേണ്ടി ചോദിക്കുന്നതെല്ലാം ലഭിക്കുന്നു.ലോകത്തിനു മുഴുവനും വേണ്ടിയുള്ള കൃപയുടെ മണിക്കൂറാണിത് . നീതിയുടെമേൽ കരുണ വിജയം വരിച്ച സമയം"

(ഡയറി 1572 )


"എന്റെ മകളെ, നിന്റെ ചുമതലകൾ നിന്നെ അനുവദിക്കുമെങ്കിൽ ഈ മണിക്കൂറിൽ കുരിശിന്റെ വഴിനടത്താൻ ശ്രമിക്കുക.കുരിശിന്റെ വഴി നടത്താൻ സാധ്യമല്ലെങ്കിൽ ഒരു നിമിഷനേരത്തേക്കു ചാപ്പലിൽ പ്രവേശിച്ച് കരുണയിൽ നിറഞ്ഞിരിക്കുന്ന എന്റെ ഹൃദയം തന്നെയായ പരിശുദ്ധ കുർബാനയെ ആരാധിക്കുക . ചാപ്പലിൽ പോകാൻ നിനക്ക് സാധ്യമാകുന്നില്ലെങ്കിൽ നീ എവിടെ ആയിരിക്കുന്നുവോ അവിടെ തന്നെ കുറച്ചു നേരത്തേക്ക് എങ്കിലും പ്രാർത്ഥനയിൽ മുഴുകുക."

(ഡയറി 1572 )

www.malankaralibrary.com



# പ്രായോഗിക നിർദ്ദേശങ്ങൾ



## നമുക്ക് ഒരുമിച്ചു മൂന്നുമണിയാകുമ്പോൾ കുരിശിൻ ചുവട്ടിലേക്ക് പോകാം

### മൂന്നുമണിയുടെ സമർപ്പണം ചെയ്യുക

പരിശുദ്ധ അമ്മയ്ക്ക് ഒപ്പം നമുക്ക് കുരിശിന്റെ ചുവട്ടിൽ നിൽക്കാം. തുളക്കപ്പെട്ട ഈശോയുടെ ഹൃദയത്തിൽ നിന്ന് കരുണയുടെ കിരണങ്ങൾ ഒഴുകുന്നത് നമുക്ക് കാണാം . നമ്മുടെ കരങ്ങൾ യാചനാരൂപത്തിൽ പിടിച്ചുകൊണ്ടു നമ്മുടെ നിയോഗങ്ങളെ സമർപ്പിക്കാം . നമ്മുടെ നിയോഗങ്ങളിലേക്ക് യേശുവിന്റെ ഹൃദയത്തിൽ നിന്നും കരുണയുടെ രശ്മികൾ പതിക്കുന്നത് നമുക്ക് കാണാം.ദിവസത്തിലെ ഏത് സമയത്തും നിങ്ങൾക്ക് ഇത് ചെയ്യാൻ കഴിയും, എന്നാൽ മഹത്തായ ദൈവ കരുണയുടെ മണിക്കൂറിന്റെ പ്രത്യേക അനുഗ്രഹം ലഭിക്കുന്നതിന് 3:00 മണിക്ക് തന്നെ പ്രാർത്ഥിക്കാൻ ശ്രമിക്കുക.

www.malankaralibrary.com



ഈശോയുടെ ഹൃദയം കുത്തിത്തുറന്നതു ലോംഗിനുസ് എന്ന സൈനികനായിരുന്നു. യേശുവിന്റെ ഹൃദയത്തിൽ നിന്ന് ഒഴുകിയ രക്തവും വെള്ളവും അവന്റെ വൈകല്യമുള്ള കണ്ണുകളെ സ്പർശിച്ചു, അവയെ പൂർണ്ണമായും സുഖപ്പെടുത്തി. കുരിശിൽ തൂങ്ങിക്കിടക്കുന്ന മനുഷ്യൻ സാധാരണക്കാരനല്ലെന്ന് ലോംഗിനുസ് തിരിച്ചറിഞ്ഞു. അവൻ കുരിശിന് മുന്നിൽ മുട്ടുകുത്തി, യേശുവിനെ കർത്താവായി ഏറ്റുപറഞ്ഞു , ക്രിസ്ത്യാനിയായി, രക്തസാക്ഷിയായി, ഒടുവിൽ ഒരു വിശുദ്ധനായി.

**ഇതു കുരിശിന്റെ ചുവട്ടിൽ, ഈശോ തന്റെ ഹൃദയത്തിൽ നിന്ന് ഒഴുകിയ രക്തത്തിന്റെയും വെള്ളത്തിന്റെയും ശക്തിയെ വെളിപ്പെടുത്തിയ സംഭവമാണ്**

അവയ്ക്കു ശാരീരികമായി സുഖപ്പെടുത്താനും മനസ്സിനെ രൂപാന്തരപ്പെടുത്താനും ആത്മാവിനെ വിശുദ്ധീകരിക്കാനും സാധിക്കും . ആ പട്ടാളക്കാരൻ ഇന്ന് വി ലോംഗിനുസ് എന്നാണ് അറിയപ്പെടുന്നത്.

**ഒരു ലോംഗിനുസ് അനുഭവത്തിനായി നമുക്ക് പ്രാർത്ഥിക്കാം.**

**'കർത്താവേ, കാഴ്ച ലഭിക്കാനായി എന്റെ കണ്ണുകളെയും സ്നേഹിക്കാനായി എന്റെ ഹൃദയത്തെയും സ്പർശിക്കണമേ .**

**ദൈവകരുണയുടെ മണിക്കൂറിൽ (3:00 മണിക്ക്) നമുക്ക് ഈ പ്രാർത്ഥന ചൊല്ലാം**

ഈശോയുടെ തിരുഹൃദയത്തിൽ നിന്ന് ഞങ്ങൾക്ക് വേണ്ടി കാരുണ്യസ്രോതസായി ഒഴുകിയിറങ്ങിയ തിരുരക്തമേ, തിരുജലമേ, ഞാൻ അങ്ങയിൽ ശരണപ്പെടുന്നു. കർത്താവേ, ഞാൻ കാണേണ്ടതിന് എന്റെ കണ്ണുകളെയും ഞാൻ സ്നേഹിക്കേണ്ടതിന് എന്റെ ഹൃദയത്തെയും സ്പർശിക്കണമേ.
ഈശോയേ, എന്നോടും എന്റെ കുടുംബത്തോടും, എന്റെ എല്ലാ പ്രിയപ്പെട്ടവരോടും, ലോകത്തുള്ള എല്ലാ മനുഷ്യരോടും, രോഗികളോടും വേദനിക്കുന്നവരോടും, ഇന്ന് മരിക്കുന്നവരോടും, ശുദ്ധീകരണസ്ഥലത്തെ പാവപ്പെട്ട ആത്മാക്കളോടും കരുണയായിരിക്കണമേ, ആമേൻ.


www.malankaralibrary.com



# ദൈവകരുണയുടെ തിരുനാൾ

## ദൈവകരുണയുടെ തിരുനാളിനെക്കുറിച്ച് ഈശോയുടെ വാക്കുകൾ

“.......അന്നേ ദിവസം കുമ്പസാരിച്ചു വിശുദ്ധകുർബാന സ്വീകരിക്കുന്ന ആത്മാക്കൾക്ക് പരിപൂർണ പാപമോചനവും കടങ്ങളുടെ പൊറുതിയും ലഭിക്കും. അന്നേ ദിവസം ദൈവിക പ്രസാദവരമൊഴുക്കുന്ന എല്ലാ ചാലുകളും ഞാൻ തുറന്നു വിടും .” (ഡയറി 699)



www.malankaralibrary.com



# പ്രായോഗിക നിർദ്ദേശങ്ങൾ

ദൈവകരുണയുടെ തിരുനാളിൽ (ഈസ്റ്ററിനു ശേഷമുള്ള ആദ്യ ഞായറാഴ്ച) വിശുദ്ധ കുർബാന സ്വീകരിക്കുക. ആ ദിവസത്തിലോ മുൻ ദിവസങ്ങളിലോ കുമ്പസാരത്തിനായി പോകുക, നിങ്ങൾ നിങ്ങളുടെ പാപങ്ങൾ ഏറ്റുപറഞ്ഞുവെന്നും വിശുദ്ധമായ മാനസികാവസ്ഥയിലാണെന്നും ഉറപ്പാക്കുക. ദൈവകരുണയുടെ ചിത്രത്തിന് മുമ്പിൽ പ്രാർത്ഥിക്കുക, ദൈവകരുണയുടെ ജപമാല ചൊല്ലുക , 3:00 മണിക്ക് പ്രാർത്ഥിക്കുക, കരുണയുടെ ശാരീരികവും ആത്മീയവുമായ പ്രവർത്തനങ്ങൾ നടത്തുക.

## കാരുണ്യപ്രവൃത്തികൾ (ശാരീരികം)

- വിശക്കുന്നവർക്ക് ഭക്ഷണം കൊടുക്കുക.
- ദാഹിക്കുന്നവർക്ക് കുടിക്കാൻ കൊടുക്കുക.
- വസ്ത്രമില്ലാത്തവർക്ക് വസ്ത്രം കൊടുക്കുക
- ഭവനരഹിതർക്ക് അഭയം നൽകുക.
- രോഗികളെയും തടവുകാരെയും സന്ദർശിക്കുക.
- അവശരെ സഹായിക്കുക
- മരിച്ചവരെ സംസ്ക്കരിക്കുക

## കാരുണ്യപ്രവൃത്തികൾ (ആദ്ധ്യാത്മികങ്ങൾ)

- അറിവില്ലാത്തവരെ പഠിപ്പിക്കുക
- സംശയമുള്ളവരുടെ സംശയം തീർക്കുക
- ദു:ഖിതരെ ആശ്വസിപ്പിക്കുക
- തെറ്റു ചെയ്യുന്നവരെ തിരുത്തുക
- ഉപദ്രവങ്ങൾ ക്ഷമിക്കുക
- അന്യരുടെ കുറവുകൾ ക്ഷമയോടെ സഹിക്കുക
- ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കും വേണ്ടി പ്രാർത്ഥിക്കുക

www.malankaralibrary.com



# ദൈവകരുണയുടെ നൊവേന

## ദൈവകരുണയുടെ നൊവേനയെ കുറിച്ചുള്ള ഈശോയുടെ വാക്കുകൾ

“ഈ ഒൻപതു ദിവസങ്ങളിൽ എന്റെ കരുണയുടെ ഉറവിടത്തിലേക്കു ഈ ആത്മാക്കളെ കൊണ്ട് വരണമെന്ന് ഞാൻ ആഗ്രഹിക്കുന്നു .അങ്ങനെ അവരുടെ ജീവിതത്തിലെ കഷ്ടപാടുകളിലും ദുരിതങ്ങളിലും പ്രത്യേകിച്ച് മരണസമയത്തും അവർക്കു ആവശ്യമായിരിക്കുന്നു ശക്തിയും ആശ്വാസവും വേണ്ടുന്ന എല്ലാ കൃപകളും അവർ നേടിയെടുക്കട്ടെ. ഓരോ ദിവസവും വ്യത്യസ്തരായ ആത്മാക്കളുടെ സംഘങ്ങളെ എന്റെ ഹൃദയത്തിലേക്കു കൊണ്ട് വരുകയും അവരെ എന്റെ കരുണക്കടലിൽ മുക്കി എടുക്കുകയും ചെയ്യുക. ഞാൻ ഈ ആത്മാക്കളെ എല്ലാം എന്റെ പിതാവിന്റെ ഭവനത്തിലേക്ക് കൊണ്ടുവരും. ഈ ലോക ജീവിതത്തിലും വരും ലോകത്തിലും നീ ഇതു തന്നെ ചെയ്യും. എന്റെ കരുണയുടെ ഉറവയിലേക്കു നീ കൊണ്ടുവരുന്ന ആത്മാവിന് ഞാൻ ഒന്നും തന്നെ നിഷേധിക്കുകയില്ല . എന്റെ അതിദാരുണമായ പീഡാസഹനത്തിന്റെ ശക്തിയാൽ ഈ ആത്മാക്കൾക്കുവേണ്ട കൃപകൾക്കായി ഓരോ ദിവസവും നീ എന്റെ പിതാവിനോട് യാചിക്കും .”

(ഡയറി 1209)

www.malankaralibrary.com



**നൊവേനയുടെ ഓരോ ദിവസവും പ്രാർത്ഥിക്കുന്നതിന് ഇനി പറയുന്ന നിയോഗങ്ങൾ യേശു വെളിപ്പെടുത്തി.**

**ദിവസം 1 - എല്ലാ മനുഷ്യരും, പ്രത്യേകിച്ച് പാപികൾ.**

**ദിവസം 2 - വൈദീകരുടേയും സന്യാസികളുടേയും ആത്മാക്കൾ.**

**ദിവസം 3 - എല്ലാ ഭക്തരും വിശ്വസ്തരുമായ ആത്മാക്കൾ.**

**ദിവസം 4- അവിശ്വാസികളും യേശുവിനെ അറിയാത്തവരും**

**ദിവസം 5 - തിരുസഭയിൽ നിന്ന് വേർപിരിഞ്ഞ സഹോദരങ്ങളുടെ ആത്മാക്കൾ**

**ദിവസം 6 - സൗമ്യതയും എളിമയും ഉള്ളവരുടേയും കുട്ടികളുടേയും ആത്മാക്കൾ**

**ദിവസം 7- എന്റെ കരുണയെ വാഴ്ത്തുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നവരുടെ ആത്മാക്കൾ**

**ദിവസം 8 - ശുദ്ധീകരണസ്ഥലത്ത് അടയ്ക്കപ്പെട്ടിരിക്കുന്ന ആത്മാക്കൾ.**


**ദിവസം 9- മന്ദതയിൽ നിപതിച്ച ആത്മാക്കൾ**


www.malankaralibrary.com



# പ്രായോഗിക നിർദ്ദേശങ്ങൾ

നിങ്ങൾ ദൈവകരുണയുടെ തിരുനാളിന് തയ്യാറെടുക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ദുഃഖവെള്ളിയാഴ്ചയാണ് നൊവേന ആരംഭിക്കുന്നത്. എല്ലാ മാസവും ആദ്യത്തെ വെള്ളിയാഴ്ച മുതൽ ഈ നൊവേന നടത്താവുന്നതാണ്. . നൊവേനയുടെ ഓരോ ദിവസവും, പ്രാർത്ഥന നിങ്ങൾ വായിക്കാൻ ചെലവഴിക്കുന്ന അഞ്ച് മിനിറ്റിൽ ഒതുക്കരുത്. പകരം, ദിവസം മുഴുവനും, നിങ്ങളുടെ എല്ലാ പ്രവർത്തനങ്ങളിലും, ദിവസത്തിന്റെ ഉദ്ദേശ്യം മനസ്സിൽ സൂക്ഷിക്കുക. ഉദാഹരണത്തിന്, പാപികളുടെ പരിവർത്തനത്തിനായി നിങ്ങൾ പ്രാർത്ഥിക്കുന്ന ആദ്യ ദിവസം, നിങ്ങളുടെ എല്ലാ പ്രവർത്തനങ്ങളും, പാപികളുടെ പരിവർത്തനത്തിനായുള്ള പ്രാർത്ഥനകളും അർപ്പിക്കുകയും, ദിവസത്തിന്റെ തുടക്കം മുതൽ ആ ഉദ്ദേശ്യം നിലനിർത്തുകയും ചെയ്യുക. ഈ രീതിയിൽ, ദിവസം മുഴുവൻ, നിങ്ങൾ ചൊല്ലുന്ന നൊവേന, പ്രാർത്ഥനയുമായി നിങ്ങളെ ബന്ധിപ്പിക്കും. ഒൻപത് ദിവസവും ഈ രീതിയിൽ പ്രാർത്ഥിക്കുന്നത് കാര്യമായ വ്യത്യാസമുണ്ടാക്കുന്നു.



www.malankaralibrary.com



# ABCs of Mercy (formulated by Rev.Fr.George Kosicki)

## A- Ask for God's Mercy
## ദൈവകരുണയ്ക്കായി യാചിക്കുക

## B-Be Merciful to Others
## എല്ലാവരോടും കരുണയായിരിക്കുക

## C-Completely Trust in God
## ദൈവത്തിൽ പൂർണമായി ശരണപ്പെടുക

### A- Ask for God's Mercy

ദൈവകരുണയ്ക്കായി യാചിക്കുക

- കരുണയുടെ ജപമാലചൊല്ലുക
- ദൈവകരുണയുടെ ഛായാചിത്രത്തോട് ഭക്തിയുണ്ടായിരിക്കുക

### B-Be Merciful to Others

എല്ലാവരോടും കരുണയായിരിക്കുക

- ശാരീരികവും ആത്മീയവും ആയ കാരുണ്യ പ്രവർത്തികൾ ചെയ്ത് മറ്റുള്ളവരോട് കരുണ കാണിക്കുക



www.malankaralibrary.com




# C- Completely Trust in God
# ദൈവത്തിൽ പൂർണമായി ശരണപ്പെടുക

## എന്താണ് ശരണപ്പെടുക ?


ശരണപ്പെടുക എന്നത് അംഗീകരിക്കുക എന്ന ഒരു മാനസികാവസ്ഥയാണ്. ഈശോ എന്നെ സ്നേഹിക്കുന്നുവെന്നും, എന്നെയും എന്റെ ജീവിതത്തിലെ സംഭവങ്ങളെയും കാണുന്നുവെന്നും, എന്നെ സഹായിക്കാൻ ആഗ്രഹിക്കുന്നുവെന്നും, സജീവമായി ഇടപെടുന്നുണ്ടെന്നുമുള്ള എന്റെ തിരിച്ചറിവാണത് . എന്റെ ജീവിതത്തിനായുള്ള ഈശോയുടെ പദ്ധതി ഈശോ നടപ്പിലാക്കുമ്പോൾ ഞാൻ ക്ഷമയോടെ കാത്തിരിക്കുകയും സഹകരിക്കുകയും ചെയ്യും.

## ഈശോയെ ഞാൻ അങ്ങയിൽ ശരണപ്പെടുന്നു



www.malankaralibrary.com





**കർത്താവായ ഈശോയെ , അങ്ങയുടെ കരുണയുടെ രശ്മികളിൽ എന്നെ എപ്പോഴും കാത്തുകൊള്ളണമേ**